**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3759** **19.03.2018-ൽ മറുപടിക്ക്**

# പട്ടയം നൽകാൻ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ പള്ളിക്കര വില്ലേജിൽ ആർ.എസ്. No.170/06 ൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് തലമുറകളായി താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും ഉണ്ട്. കാസർഗോഡ് ജില്ലയിൽ പള്ളിക്കര II വില്ലേജിൽ ആർ.എസ്. No.170/06-ൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന 4 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്ന് കാസർഗോഡ് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ഭൂമി കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിൽ നിന്നും ശരാശരി 10 മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത്. റോഡ് പുറമ്പോക്കും റോഡിനോട് ചേർന്ന സ്ഥലങ്ങളും പതിച്ച് നൽകിയാൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം കണ്ടെത്തുവാൻ തടസ്സങ്ങൾ നേരിടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇപ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കരുതെന്ന് പൊതു നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇപ്രകാരമുള്ള അപേക്ഷകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (ബി) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ എത്ര അകലത്തിലാണ് പ്രസ്തുത ഭൂമി സ്ഥിതിചെയ്യുന്നതെന്ന് അറിയിക്കാമോ; | |
| (സി) റോഡ് വികസനത്തിനായി ഈ ഭൂമി ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിയ്ക്കാമോ; | |
| (ഡി) തലമുറകളായി താമസിച്ചുവരുന്ന മേൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർ സമർപ്പിച്ച പ്രപ്പോസലിൽ അനുമതി നൽകുന്നതിന് തടസ്സമെന്താണെന്ന് അറിയിക്കാമോ; | |
| (ഇ) ഇതു സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലിൽ (356/PS2/17/PWD) അനുകൂല തീരുമാനം നൽകുന്ന വിഷയം പരിഗണിക്കുമോ? | (ഇ) ഇതു സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന PWD- PS2/356/17-PWD എന്ന ഫയലിൽ പ്രസ്തുത ആവശ്യം നിരാകരിച്ച് മറുപടി നൽകി ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ